സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ദേവസ്വം വിഭാഗം - ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്കുള്ള പ്രൊവിഷണൽ പ്രൊമോഷൻ - സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/12/Est-I (ii)** നന്തൻകോട്, **01/08/2019**

---

പരാമർശം :- 1) 01-03-2018 ലെ ROC 3226/17/Est-1 നമ്പർ ബോർഡുത്തരവ്.

2) WP(C) 19214/2017 -ാം നമ്പർ കേസിൽ ബഹു: ഹൈക്കോടതി 13-07-2018 ൽ പുറപ്പെടുവിച്ച വിധിന്യായം.

3) 18-07-2018 ലെ ROC 14434/14/Sab/Est-1 നമ്പർ ബോർഡുത്തരവ്.

4) 12-12-2018 ലെ ROC 11983/13/Suit/Est-2 നമ്പർ ബോർഡുത്തരവ്.

5) 17-06-2019 ൽ ROC 113/03/Est-A നമ്പരായി ദേവസ്വം കമ്മീഷണർ പുറപ്പെടുവിച്ച വിജ്ഞാപനം.

6) ദേവസ്വം കമ്മീഷണറുടെ 19-06-2019 ലെ ROC 20204/18/EstA (2) നമ്പർ റിപ്പോർട്ട്.

7) WP(C) 1983/2018(W) നമ്പർ കേസിൽ ബഹു: ഹൈക്കോടതിയുടെ 01-07-2019 ലെ ഉത്തരവ്.

8) 30-07-2019 ലെ ബോർഡ് തീരുമാനം.

9) 01-08-2019 ലെ ROC 5600/12/Est-1 (i) നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തിരുവാഭരണം കമ്മീഷണർ ആയിരുന്ന ശ്രീ. കെ.എസ്. ബൈജു 31-07-2019 ലും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ ജോലി നോക്കിയിരുന്ന ശ്രീ. എസ്. ശ്രീകുമാർ, ശ്രീ. എൻ. പി. രഘു എന്നിവർ 31-05-2019 ലും, ശ്രീ. കെ. എസ്. വിനോദ് 30-06-2019 ലും, ശ്രീ. ജി. സന്തോഷ് 31-07-2019 ലും വിരമിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ ഒഴിവുകളിൽ പ്രൊമോഷൻ നൽകുന്ന വിഷയം ബോർഡ് പരിശോധിച്ചു.

ഇപ്പോൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിൽ ജോലി നോക്കുന്ന ഏതാനും ഉദ്യോഗസ്ഥരുടെ സിനിയോറിറ്റി സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതും ആയത് സംബന്ധിച്ചുള്ള പരാമർശം 2 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സിനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് പരാമർശം 4 പ്രകാരം സ്പെഷ്യൽ ആഫീസറെ നിയോഗിച്ചിരുന്നതും തുടർന്ന് സ്പെഷ്യൽ ആഫീസർ തയ്യാറാക്കിയ കരട് സീനിയോറിറ്റി ലിസ്റ്റ് ആക്ഷേപം സ്വീകരിക്കുന്നതിന് പരാമർശം 5 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നതാണ്.

പ്രസ്തുത കരട് സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി നിലവിലുള്ള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ദേവസ്വം കമ്മീഷണർ സമർപ്പിച്ചു (പരാമർശം -6).

പ്രസ്തുത ലിസ്റ്റ് പ്രകാരം സീനിയർ മോസ്റ്റായ ശ്രീ. റ്റി.കെ. അജിത്പ്രസാദിന്റെ പേരിലുള്ള അച്ചടക്ക നടപടി അന്തിമമായി തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ടിയാന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് പരാമർശം 3 ബോർഡുത്തരവായിരുന്നു.

എന്നാൽ ഇക്കാര്യം സംബന്ധിച്ച് ടി ഉദ്യോഗസ്ഥൻ ബഹു: ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നതും തുടർന്ന് വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റിയ്ക്കും, അന്തിമ സീനിയോറിറ്റി ലിസ്റ്റിനും വിധേയമായി ടിയാന് പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം 7 ഉത്തരവ് ലഭിച്ചു.

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുവാൻ സാദ്ധ്യമല്ലാത്തതും, എന്നാൽ ഇക്കാരണത്താൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ നിലവിലുള്ള ഒഴിവുകൾ നികത്താതിരിക്കുന്നത് ഡിപ്പാർട്ട്മെന്റ് ഭരണത്തെ സാരമായി ബാധിക്കുമെന്നും ബോർഡ് വിലയിരുത്തി.

ഈവിധ സാഹചര്യങ്ങളിൽ ബഹു: ഹൈക്കോടതിയുടെ പരാമർശം 7 ഉത്തരവനുസരിച്ചും, പരാമർശം 5 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കരട് സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയും, പരാമർശം 9 നെ തുടർന്നും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ നിലവിലുള്ള 5 ഒഴിവുകളിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകിയും, അതോടൊപ്പം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ സ്ഥലംമാറ്റം അനുവദിച്ചും ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

## I. സ്ഥലംമാറ്റം – താഴെപ്പറയുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലുള്ള ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.

| ക്രമ നം. | പേര്, നിലവിലെ തസ്തിക, ആഫീസ് | സ്ഥലംമാറ്റം അനുവദിക്കുന്ന തസ്തിക, ആഫീസ് |
|---|---|---|
| 1 | ശ്രീമതി. എസ്. ഗായത്രിദേവി, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ജനറൽ അഡ്മിനിസ്ട്രേഷൻ), ദേവസ്വം കമ്മീഷണർ ആഫീസ് | ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ |
| 2 | ശ്രീ. പി. പത്മകുമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഹൈക്കോർട്ട് ആഡിറ്റ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ് | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഫിനാൻസ് & ഇൻസ്പെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ് |